പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 41

# 2021- ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 41

# 2021- ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. നോട്ടീസ് നൽകിയത്)

1399/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 41

# 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വീട്ടമ്മമാരുടെ സേവനത്തിന് വേണ്ടത്ര പരിഗണന നൽകുന്നതിനും സാമ്പത്തിക പ്രശ്നങ്ങൾമൂലം കുടുംബങ്ങളിൽ മാറ്റിവെയ്ക്കപ്പെടുന്ന വീട്ടമ്മമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും ചികിത്സാ ആവശ്യങ്ങൾക്കും മറ്റ് അടിയന്തിര ആവശ്യങ്ങൾക്കുമായി ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വീട്ടമ്മമാരുടെ സേവനത്തിന് പരിഗണന നല്കുന്നതിനും, സാമ്പത്തിക പ്രശ്നങ്ങൾമൂലം കുടുംബങ്ങളിൽ മാറ്റിവെയ്ക്കപ്പെടുന്ന അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും ചികിത്സാ ആവശ്യങ്ങൾക്കും മറ്റ് അടിയന്തിര ആവശ്യങ്ങൾക്കുമായി "കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ 72-ാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— (1) 'ക്ഷേമനിധി ബോർഡ് ' എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകൃതമായ ക്ഷേമനിധി ബോർഡ് എന്നാകുന്നു;

(2) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നാകുന്നു;

(3) 'വിജ്ഞാപനം' എന്നാൽ ഈ ആക്റ്റ് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നാകുന്നു;

(4) 'സംസ്ഥാനം' എന്നാൽ 'കേരള സംസ്ഥാനം' എന്നാകുന്നു;

(5) 'വകുപ്പ് ' എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നാകുന്നു;

(6) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

(7) 'വീട്ടമ്മ' എന്നാൽ 18 വയസ്സ് പൂർത്തിയായതും എന്നാൽ 60 വയസ്സ് പൂർത്തിയാകാത്തതുമായ വിവാഹിതരായ, കുടുംബങ്ങളിലെ സ്ത്രീ എന്നർത്ഥമാകുന്നു. ഇതിൽ വിധവകളും ഉൾപ്പെടുന്നതായിരിക്കും.

എന്നാൽ സർക്കാർ ഉദ്യോഗസ്ഥരായ വീട്ടമ്മമാർ 2-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരമുള്ള നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല.

3. കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണം .— (1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്; 18 വയസ്സ് പൂർത്തിയായതും എന്നാൽ 60 വയസ്സ് തികയാത്തതുമായ കുടുംബിനികൾക്ക് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യാവുന്നതും, രജിസ്റ്റർ ചെയ്ത തീയതി മുതൽ അവർ അതിൽ അംഗങ്ങളായിരിക്കുന്നതുമാണ്.

(2) ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും പുനർവിന്യസിക്കുകയോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയോഗിക്കാവുന്നതാണ്.

(3) ബോർഡ് ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ വസ്തുക്കൾ ആർജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോട് കൂടിയതുമായിരിക്കും.

4. ബോർഡിന്റെ ഘടന.—ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.—

(1) സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(2) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി;

(3) സംസ്ഥാന നിയമ വകുപ്പ് സെക്രട്ടറി;

(4) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർപേഴ്സൺ;

(5) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് (അഞ്ചിൽ ഒരാൾ എസ്.സി./എസ്.റ്റി.) വനിതാ അംഗങ്ങൾ. ഇവരിൽ നിയമനിർമ്മാണ സഭാ അംഗങ്ങൾ/തദ്ദേശസ്ഥാപന ചെയർപേഴ്സൺ, വനിതാ സംഘടനകൾ എന്നിവയിലെ ഓരോ പ്രതിനിധികൾ ഉൾപ്പെടുന്നതാണ്.

5. ബോർഡിന്റെ ആസ്ഥാനം.—ബോർഡിന്റെ ആസ്ഥാനം എറണാകുളം ജില്ല ആയിരിക്കും.

6. ചെയർപേഴ്സൺ.—(1) ചെയർപേഴ്സണെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദ്ദേശം ചെയ്യുന്നതാണ്;

(2) ചെയർപേഴ്സൺന്റെ കാലാവധി മൂന്ന് വർഷമായിരിക്കും.

7. മെമ്പർ സെക്രട്ടറി.—സർക്കാർ സർവ്വീസിലുള്ള അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അതോറിറ്റിയുടെ സെക്രട്ടറിയായി സർക്കാർ നിയമിക്കുന്നതാണ്.

8. ബോർഡിന്റെ കർത്തവ്യങ്ങൾ .— (1) വീട്ടമ്മമാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും മതിയായ സംരക്ഷണം, ചികിത്സാ എന്നിവ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(2) ഇത് സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക.

(3) ഈ ക്ഷേമനിധിയിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട വിഹിതവും നിശ്ചിത സർക്കാർ വിഹിതവും അടക്കുന്ന കാര്യം ഉറപ്പാക്കുക.

(4) ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക.

(5) ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട നിശ്ചിത വിഹിതവും നിശ്ചിത സർക്കാർ വിഹിതവും അടയ്ക്കുന്ന കാര്യം ഉറപ്പാക്കുക.

9. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം.— (1) ക്ഷേമനിധി ബോർഡിന് ജില്ല അടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്;

(2) അതത് ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്തിലെ വനിതകളായ പ്രസിഡന്റോ/ വൈസ് പ്രസിഡന്റോ ആയ ഒരാൾ, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ എന്നിവർ ഉപസമിതി അംഗങ്ങളായിരിക്കും.

(3) ഉപസമിതിയിലെ മറ്റംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

(4) ക്ഷേമനിധി സംബന്ധിച്ച് ജില്ലാതലത്തിൽ വരുന്ന തർക്കങ്ങളും പരാതികളും അതത് ജില്ലാ ഉപസമിതികൾ തീർപ്പാക്കേണ്ടതാണ്.

10. ബോർഡിന്റെ അധികാരങ്ങൾ.— (1) ഈ ആക്ടിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അധികാരം;

(2) ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുകയും അന്വേഷണം നടത്തി ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കുകയും ചെയ്യുക;

(3) കാലാകാലങ്ങളിൽ സർക്കാരിലേക്ക് ആവശ്യമായ ശിപാർശകൾ നൽകുക;

(4) ബോർഡിന്റെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുക.

11. ബോർഡിന്റെ യോഗങ്ങൾ.— (1) ചെയർപേഴ്സൺന്റെ നിർദ്ദേശാനുസരണം സെക്രട്ടറി യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) ബോർഡിന്റെ രണ്ടു യോഗങ്ങൾ തമ്മിൽ 6 മാസത്തിലധികം അന്തരം ഉണ്ടാകാൻ പാടില്ല.

(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സൺ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ചെയർപേഴ്സൺന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതാണ്.

(4) യോഗത്തിനുള്ള ക്വാറം ബോർഡിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

12. ക്ഷേമനിധി രജിസ്ട്രേഷൻ നിർത്തലാക്കൽ.—അംഗങ്ങൾക്ക് സ്വമേധയാ ഒഴിഞ്ഞ്പോകാനുള്ള അവസരം ഉണ്ടായിരിക്കും. അംഗത്വ രജിസ്ട്രേഷൻ ലഭിച്ച് അഞ്ച് വർഷം പൂർത്തിയാകുമ്പോഴോ അല്ലെങ്കിൽ 60 വയസ്സ് തികയുമ്പോഴോ മാത്രമേ സ്വമേധയാ ഒഴിഞ്ഞ് പോകുവാൻ കഴിയുകയുള്ളു.

13. അംശദായത്തിന്റെ അടവ്.—രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ അംഗമോ ഭർത്താവോ പ്രായപൂർത്തിയായ ആൺമക്കളോ പ്രതിമാസം ഒരു നിശ്ചിത തുക നിധിയിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

14. അംഗത്വം റദ്ദാക്കൽ.— ബോർഡിന് ഏത് സമയത്തും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗത്വം റദ്ദ് ചെയ്യാവുന്നതാണ്.

എന്നാൽ റദ്ദാക്കുന്നതിന് മുമ്പ് അംഗത്തിന് പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകാവുന്നതാണ് .

15. നോമിനിയെ ചേർക്കൽ.—ഓരോ അംഗത്തിനും ക്ഷേമനിധിലേക്ക് നോമിനിയെ ചേർക്കാവുന്നതാണ്. എന്നാൽ നോമിനിയെ ചേർക്കുന്ന കാര്യത്തിൽ ആദ്യ പരിഗണന അംഗത്തിന്റെ പേരിൽ അംശദായം ഒടുക്കുന്ന ഭർത്താവ്/മക്കൾക്ക് ആയിരിക്കുന്നതാണ്.

16. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗം.—അതോറിറ്റിയിൽ നിന്നുള്ളതും അതോറിറ്റിയിലേക്കുള്ളതുമായ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്.

17. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ ബിൽ പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും ആ ചട്ട പ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ വീട്ടമ്മമാരുടെ സേവനം തൊഴിലായി കണക്കാക്കാത്തതും അതുകൊണ്ട്തന്നെ അവരുടെ സേവനത്തിന്റെ മൂല്യം തിട്ടപ്പെടുത്താനാവത്തതുമാണ്. സമൂഹത്തിൽ വീട്ടമ്മമാരുടെ സേവനത്തിന് അർഹിക്കുന്ന രീതിയിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലായെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അവരുടെ യാതൊരു ആവശ്യത്തിനും ഭർത്താവിനെയോ മക്കളെയോ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് ഉള്ളത്. പലപ്പോഴും സാമ്പത്തിക പ്രശ്നങ്ങൾ മൂലം കുടുംബങ്ങളിൽ ഏറ്റവും അധികം ദുരിതമനുഭവിക്കുന്നതും കുടുംബങ്ങളിൽ മാറ്റി വെയ്ക്കപ്പെടുന്ന ആവശ്യങ്ങളും വീട്ടമ്മമാരുടെതാണ്. പ്രസ്തുത നിലയിൽ മാറ്റം വരുത്തി പ്രതിമാസം ഒരു നിശ്ചിത തുക വീട്ടമ്മമാരുടെ ക്ഷേമത്തിനും ചികിത്സയ്ക്കും മറ്റ് അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്ര മാത്രം സാമ്പത്തിക ബാധ്യത വരികയുള്ളൂ എന്ന് തിട്ടപ്പെടുത്താൻ സാധിക്കൂ. എന്നിരുന്നാലും പ്രാരംഭനടപടികൾക്കായി സഞ്ചിതനിധിയിൽ നിന്നും 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ, ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും, സാധാരണവും ഭരണപരവുമായ സ്വഭാവത്തോട് കൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ച് കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോട് കൂടിയതാണ്.

ടി. വി. ഇബ്രാഹിം, എം.എൽ.എ.